ആർ.സി.എസ്/5578/2019/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 24.01.2020

## സർക്കുലർ നമ്പർ : 7/2020

വിഷയം:- സഹകരണ വകുപ്പ്- കൊല്ലം സഹകരണ ഗ്രൂപ്പ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.ക്യു.494 - സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി മൂലധനം സമാഹരിക്കുന്നതിനുള്ള അനുവാദം- സംബന്ധിച്ച്.

സൂചന:-
1. സംഘം ഭരണസമിതിയുടെ 07.04.2019-ലെ 171-ാം നമ്പർ തീരുമാനം.
2. കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 06.01.2020 - ലെ എച്ച്.എം.8500/2019 നമ്പർ കത്ത്.

കൊല്ലം സഹകരണ ഗ്രൂപ്പ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.ക്യു.494-ന്റെഉടമസ്ഥതയിലുള്ള സി.അച്യുതമേനോൻ സഹകരണ ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ തൽപ്പരരായ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി മൂലധനം സ്വരൂപിക്കുന്നതിന് അനുമതിക്കായി സംഘംഭരണസമിതി സൂചന(1)പ്രകാരം തീരുമാനമെടുത്ത് സൂചന(2) ജോയിന്റ് രജിസ്ട്രാർ(ജനറൽ)വഴി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി സംഘം ബൈലാ വ്യവസ്ഥ 4 (ബി) II പ്രകാരം സഹകരണ സംഘങ്ങൾക്ക് സംഘത്തിൽ നിന്ന് " ഇൻസ്റ്റിറ്റ്യൂഷണൽ " ഓഹരി എടുക്കുന്നതിന് വ്യവസ്ഥയുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു. സംഘം ഭരണസമിതിയുടെ തീരുമാനം കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന(1) തീരുമാനത്തിന്റെയും സൂചന(2) ശുപാർശയുടെയും അടിസ്ഥാനത്തിൽ കൊല്ലം സഹകരണ ഗ്രൂപ്പ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.ക്യൂ.494-ന്റെ ഉടമസ്ഥതയിലുള്ള സി.അച്യുതമേനോൻ സഹകരണ ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓഹരി മൂലധനം സ്വരൂപിക്കുന്നതിന് കൊല്ലം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റയും അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

ഒപ്പ്
ഡോ.പി.കെ.ജയശ്രീ,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
കൊല്ലം സഹകരണ ഗ്രൂപ്പ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.ക്യൂ.494
ഡിസന്റ് ജംഗ്ഷൻ,കൊല്ലം-691577

പകർപ്പ്:-1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കൊല്ലം
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)